(ബി) 1996 - 97 1,103.41 "

1997- 98 1,286.08 "

1998- 99 1,446.26 "

1999- 2000 1,952.27 "

2000-2001 സാമ്പത്തിക വർഷം അവസാനിച്ചാൽ മാത്രമേ യഥാർത്ഥ തുക അറിയാൻ കഴിയൂ.

(സി) ബഡ്ജറ്റ് രേഖകൾ പ്രകാരം 31-3-2001-ൽ സംസ്ഥാനത്തിന്റെ കടം 23,006.90 കോടി രൂപ ആകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 31-3-2001-ലെ യഥാർത്ഥ കണക്കുകൾ പൂർത്തിയാക്കിയാൽ മാത്രമേ ആളോഹരി കടം എത്രയെന്നു പറയാൻ കഴിയൂ.

(ഇ) ഉദിക്കുന്നില്ല.

സാമൂഹ്യക്ഷേമ പെൻഷനുകളിൽ കുടിശ്ശിക

16 (404) ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മാവേതനം , കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഓരോന്നിനും എത്ര രൂപ വീതം കുടിശ്ശിക ഉണ്ടെന്നും ഓരോന്നിലും എന്നു മുതലുള്ളതാണ് ഈ കുടിശ്ശിക എന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇവ ഓരോന്നിലും എത്ര വീതം കുടിശ്ശിക ഉണ്ടായിരുന്നു ;

(സി) ഇപ്പോഴുള്ള കുടിശ്ശിക എപ്പോൾ കൊടുത്ത് തീർക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊഴിലില്ലായ്മ വേതനം

12/99 മുതൽ 1/2001 വരെയുള്ള 14 മാസത്തെ കുടിശ്ശിക ഉണ്ട്. ഇതിന് 71.01 കോടി രൂപ വേണ്ടി വരും.

കർഷകത്തൊഴിലാളി പെൻഷൻ

1-5-2000 മുതൽ 2/2001 വരെ 10 മാസത്തേയ്ക്ക് 58,07,10,000 രൂപ കുടിശ്ശികയുണ്ട്.

വാർദ്ധക്യകാലപെൻഷൻ, വിധവാ(അഗതി) പെൻഷൻ, അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള പെൻഷൻ എന്നിവയിൽ യഥാക്രമം 425 ലക്ഷം രൂപ, 1,142 ലക്ഷം രൂപ 978 ലക്ഷം രൂപ എന്നിങ്ങനെ കുടിശ്ശികയുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കുടിശ്ശിക കാലയളവ് താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	വാർദ്ധക്യകാല പെൻഷൻ (സംസ്ഥാന വിഹിതം)	വിധവാ/ അഗതി പെൻഷൻ	അംഗവൈകല്യമുള്ള വർക്കും മന്ദബുദ്ധി കൾക്കുമുള്ള പെൻഷൻ
തിരുവനന്തപുരം	1/2001	11/2000	2/2001
കൊല്ലം	4/2000	7/2000	7/2000
പത്തനംതിട്ട	6/2000	7/2000	7/2000
ആലപ്പുഴ	6/2000	6/2000	7/2000
കോട്ടയം	7/2000	6/2000	7/2000
ഇടുക്കി	1/2000	1/2000	11/2000
എറണാകുളം	10/2000	10/2000	10/2000
തൃശ്ശൂർ	1/2001	7/2000	8/2000
പാലക്കാട്	7/2000	7/2000	7/2000
മലപ്പുറം	3/2000	3/2000	8/2000
കോഴിക്കോട്	7/2000	7/2000	7/2000
വയനാട്	3/2000	9/2000	11/2000
കണ്ണൂർ	1/2000	7/2000	8/2000
കാസർഗോഡ്	12/2000	7/2000	7/2000

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തൊഴിലില്ലായ്മ വേതനം 22.70 കോടി രൂപയും കർഷകത്തൊഴിലാളി പെൻഷൻ 27,53,90,720 രൂപയും വാർദ്ധക്യകാല പെൻഷൻ (സംസ്ഥാന വിഹിതം) ഇനത്തിൽ 75,14,240 രൂപയും വിധവാ പെൻഷൻ ഇനത്തിൽ 2,06,45,500 രൂപയും അംഗ വൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള പെൻഷൻ ഇനത്തിൽ 1,71,55,300 രൂപയും കുടിശ്ശിക ആയിട്ടുണ്ടായിരുന്നു.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച്, ഇപ്പോഴുള്ള കുടിശ്ശിക കൊടുത്ത് തീർക്കുന്നതാണ്.

സർക്കാരിന്റെ മൊത്തം കടം

17 (405) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ മൊത്തം കടം 2001 ജനുവരി 31 വരെ എത്ര കോടിയാണ് ;

LIBRARY ARCHIVES Kerala Legislative Assembly